**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 235** **10-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കലോത്സവത്തിലെ പുതിയ ഗോത്രകലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാ-സാഹിത്യ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കായി 2013-14 വർഷം മുതൽ **'സർഗ്ഗോത്സവം'** എന്ന പേരിൽ സംസ്ഥാന കലോത്സവം നടത്തി വരുന്നു. രണ്ടായിരത്തോളം പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഈ കലാമേളയിൽ എ, ബി ഗ്രേഡ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 20, 15 എന്നിങ്ങനെ ഗ്രേസ് മാർക്കും ലഭിക്കുന്നുണ്ട്. |
| (ബി) | ഈ വർഷത്തെ സ്കൂൾ കലോത്സവത്തിൽ ഏർപ്പെടുത്തിയ പുതിയ ഗോത്രകലകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | മംഗലം കളി, പണിയനൃത്തം, മലപ്പുലയ ആട്ടം, പളിയ നൃത്തം, ഇരുള നൃത്തം എന്നീ 5 ഗോത്രകലകളാണ് ഈ വർഷത്തെ സ്കൂൾ കലോത്സവത്തിൽ പുതുതായി ഉൾപ്പെടുത്തിയത്. |
| (സി) | സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പ്രസ്തുത ഗോത്രകലകളിൽ എ-ഗ്രേഡ് നേടുന്ന സ്കൂളിന് പ്രത്യേക പുരസ്കാരം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ